


## തേക്ക് കൃഷിയുടെ പ്രയോജനങ്ങൾ

- ഏത് വേനലിനെയും അതിജീവിക്കുന്ന മരമാണ് തേക്ക്, അത് തൈകളായാലും മരമായാലും.
- ആദ്യത്തെ മൂന്ന് വർഷം പരിപാലിച്ചു കഴിഞ്ഞാൽ പിന്നെ തൊഴിലാളികളുടെ ആവശ്യം നന്നേ കുറച്ച് മതി.
- ഇടവിളയായി കൊക്കോ, പ്ലാവ്, കവുങ്ങ്, കുരുമുളക് തുടങ്ങിയവ കൃഷിചെയ്യാവുന്നതാണ്.
- ശ്രദ്ധാപൂർവ്വമായ പരിചരണ മുറകളും, ശാസ്ത്രീയ പരിപാലന രീതികളും, കൂട്ടിനുണ്ടെങ്കിൽ തേക്കിലൂടെ ലഭിക്കുന്ന വരുമാനം മറ്റ് ഒരു കൃഷിയിലൂടെയും ലഭിക്കുന്നില്ല.
- തേക്ക് കൃഷി ചെയ്ത് വരുമാനം ലഭിച്ചവർ വീണ്ടും തേക്ക് തന്നെ കൃഷി ചെയ്യുന്നു. കാരണം, തേക്കിന്റെ വരുമാനത്തെക്കുറിച്ചുള്ള കൃത്യമായ അനുഭവം തന്നെ.

കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവും, ഉത്പാദന ചിലവിന്റെ വർദ്ധനവും കേരളത്തിൽ നിലവിലുള്ള സാഹചര്യത്തിൽ, കൃഷിയിലെ ലാഭം കുറയുന്നതിന് കാരണമാകുന്നു. ആയതിനാൽ ആദായം ലഭിക്കുന്ന മരങ്ങൾ വച്ചുപിടിപ്പിച്ച് പരമാവധി ചിലവ് കുറഞ്ഞ കൃഷിരീതിയുടെ കാലമാണ് വരാനിരിക്കുന്നത്. അതിൽ തന്നെ ഏറ്റവും ഡിമാന്റും വിലയും ലഭിക്കുന്ന മരമായ തേക്ക് കൃഷി ചെയ്യൂ...
ലാഭം നേടൂ...

കരോട്ട്
**കിഴക്കേൽ ടിഷ്യൂകൾച്ചർ**
**തേക്ക് നഴ്സറി & ഗാർഡൻസ്**

പ്ലാശനാൽ പി. ഒ.,
ഈരാറ്റുപേട്ട – പ്രവിത്താനം റോഡ്, പാലാ
ഫോൺ : 7012087026, 9497042716, 9446985716




കരോട്ട്
# കിഴക്കേൽ ടിഷ്യൂകൾച്ചർ
# തേക്ക് നഴ്സറി & ഗാർഡ്ൻസ്

കേരളത്തിലെ ആദ്യത്തെ
**ടിഷ്യൂകൾച്ചർ തേക്കിൻ തോട്ടം**
ഉടമയുടെ നേഴ്സറി



പ്ലാശനാൽ പി. ഒ.,
ഈരാറ്റുപേട്ട – പ്രവിത്താനം റോഡ്,
പാലാ
ഫോൺ : 7012087026, 9497042716, 9446985716

# കരോട്ട് കിഴക്കേൽ ടിഷ്യൂകൾച്ചർ തേക്ക് നഴ്സറി & ഗാർഡൻസ്



## തേക്ക്

വെർബനേസി കുടുംബത്തിലെ ഇലകൊഴിയും മരം. ഈടുറ്റ തടിയ്ക്ക് കേളി കേട്ടത്, തേക്കിന് പകരം തേക്ക് മാത്രം എന്ന് പറഞ്ഞ ശാസ്ത്രജ്ഞൻ, അതിന് ടെക്ടോണാ ഗ്രാന്റിസ് (Tectona Grandis) എന്ന് പേരിട്ടു.

## തേക്കിന്റെ ചരിത്രം ഇന്ത്യയിൽ

**നൂ**റ്റാണ്ടുകൾക്കപ്പുറം ഇന്ത്യ ബ്രിട്ടീഷ് കോളനി ആയിരുന്നപ്പോൾ, ബ്രിട്ടീഷ് നാവിക സേനയുടെ കപ്പൽ നിർമ്മാണത്തിനും, റെയിൽവേ പാളം നിർമ്മാണത്തിനും, കൊട്ടാരങ്ങൾ നിർമ്മിക്കുന്നതിനുമായി സ്വാഭാവിക വനങ്ങളിലെ തേക്ക് മരങ്ങൾ വ്യാപകമായി വെട്ടി മുറിക്കപ്പെട്ടു. ഇതിന്റെ ഫലമായി, തുടർന്നുള്ള കാലം തേക്കിന് രാജ്യവ്യാപകമായി ക്ഷാമം അനുഭവപ്പെടുകയും, തേക്ക് മരം സർക്കാരിന്റെ കുത്തകയായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. തുടർന്നുള്ള കാലഘട്ടത്തിൽ സർക്കാരിന്റെ മേൽനോട്ടത്തിൽ വനങ്ങളിൽ തേക്ക് വച്ചുപിടിപ്പിക്കുവാനാരംഭിച്ചു. അങ്ങനെ, മലബാർ കളക്ടറായിരുന്ന എച്ച്.വി. കനോലിയുടെ നേതൃത്വത്തിൽ 1842-ൽ നിലമ്പൂരിൽ തേക്ക് കൃഷി ആദ്യമായി ഇന്ത്യയിൽ ആരംഭിച്ചു.

ഇത് കേവലം ചരിത്രപരമായ വസ്തുത മാത്രം. ഇന്നിപ്പോൾ ആർക്കും തേക്ക് കൃഷി ചെയ്യാം. മുറിച്ചു കൊണ്ടുപോകുമ്പോൾ ചില നിയമങ്ങൾ പാലിക്കണം എന്നു മാത്രം. നല്ല നടീൽ വസ്തുക്കൾ ഫലഫൂയിഷ്ഠമായ മണ്ണിൽ മികച്ച വിളവിന് നിതാനമാകുമെന്നത് തേക്കിനും ബാധകമാണെന്ന കാര്യം ആധുനിക കർഷകൻ തിരിച്ചറിഞ്ഞപ്പോൾ അവൻ ടിഷ്യുകൾച്ചർ രീതിയിലേയ്ക്ക് ശ്രദ്ധ തിരിച്ചു. ആധുനിക ഇന്ത്യയിൽ 20 വർഷമായി ടിഷ്യു കൾച്ചർ തേക്ക് കൃഷി ചെയ്യുന്നുണ്ടെങ്കിലും കേരളത്തിൽ ഇത് എത്തിയിട്ട് 7 വർഷമേ ആയിട്ടുള്ളു. കേരളത്തിൽ ആദ്യമായി നട്ടു വളർത്തിയ ടിഷ്യുകൾച്ചർ തേക്കിൻതോട്ടം നേരിൽക്കണ്ട് ഞങ്ങളുടെ നേഴ്സറിയിൽ നിന്നും തൈകൾ വാങ്ങാവുന്നതാണ്. കൂടാതെ, പരിപാലന രീതിയെക്കുറിച്ച് കൃത്യവും





വ്യക്തവുമായ അറിവുകൾ തുടർന്നുള്ള കാലഘട്ടത്തിൽ പങ്കുവയ്ക്കുന്നു.

## കൃഷി രീതി

തുറസ്സായ സ്ഥലത്ത് 15 x15 അടി അകലത്തിൽ തൈകൾ നടേണ്ടതാണ്. അടിവളമായി ഒരു കിലോ ചാണകപ്പൊടിയും, 200 ഗ്രാം എല്ലുപൊടി ചേർത്ത മിശ്രിതമോ അല്ലെങ്കിൽ അര കിലോ സ്റ്റെറാമീൽ വളമോ ചേർക്കാവുന്നതാണ്. തൈകൾ നടുന്ന സ്ഥലത്ത് യാതൊരുവിധ ഷെയ്ഡുകളും പാടില്ല. തൈകൾ നട്ട് 20 ദിവസം കഴിയുമ്പോൾ മുതൽ 15-20 ദിവസം കൂടു മ്പോൾ വളം ചേർക്കേണ്ടതാണ്. മഴക്കാലം തീരാറാകുമ്പോൾ ചാണകപ്പൊടി ചുവട്ടിലിട്ട് ചപ്പുചവറുകൾ കൊണ്ട് മൂടേണ്ടതാണ്. ആദ്യത്തെ 2 വർഷം മഴക്കാലത്ത് തടികളിൽ മാസത്തിൽ ഒരു തവണയെങ്കിലും ഫങ്കിസൈഡ് അടിക്കേണ്ടതാണ്. ആദ്യത്തെ 3 വർഷം മാത്രം കൃത്യമായ പരിചരണം നൽകിയാൽ മതിയാകും. തുടർന്ന് വർഷത്തിൽ ഒന്നോ രണ്ടോ തവണ ചാണപ്പൊടിയോ കോഴിവളമോ നൽകിയാൽ മതി.

